**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1811** **05-07-2022 - ൽ മറുപടിയ്ക്ക്**

**വയനാട് കെ.എസ്. ആർ.ടി.സി. ജില്ലാ ഓഫീസ് മാറ്റാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ വയനാട് ജില്ലാ ഓഫീസ് കൽപ്പറ്റയിൽ നിന്നും സുൽത്താൻ ബത്തേരിയിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | **കെ.എസ്.ആർ.ടി.സി.യുടെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാ അടിസ്ഥാനത്തിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ഒഴികെ മറ്റെല്ലാ ജില്ലകളിലും ഓരോ ജില്ലാ ഓഫീസുകളും, തിരുവനന്തപുരം നോർത്ത്, തിരുവനന്തപുരം സൗത്ത് എന്നിങ്ങനെ രണ്ട് ജില്ലാ ഓഫീസുകളും ചേർത്ത് ആകെ പതിനഞ്ച് ജില്ലാ ഓഫീസുകൾ രൂപീകരിച്ചുകൊണ്ട് 24.5.2022 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം വയനാട് ജില്ലാ ഓഫീസ് താൽക്കാലിമായി സുൽത്താൻ ബത്തേരിയിലാണ് ആരംഭിച്ചിട്ടുള്ളത്. ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിലെ ഡിപ്പോയിൽ സ്ഥലസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് അവിടേയ്ക്ക് മാറ്റും.** |
| (ബി) | ഇതിന്റെ ഭാഗമായി ഉദ്യോഗസ്ഥരെ കൽപ്പറ്റ, മാനന്തവാടി ഡിപ്പോകളിൽ നിന്നും സുൽത്താൻ ബത്തേരിയിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ജില്ലാ ഓഫീസുകളുടെ ഭാഗമായി ചുവടെ ചേർത്തിരിക്കുംപ്രകാരം ഉദ്യോഗസ്ഥരെ കൽപ്പറ്റ, മാനന്തവാടി ഡിപ്പോകളിൽ നിന്നും സുൽത്താൻ ബത്തേരി ജില്ലാ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.<br><br>കൽപ്പറ്റ ഡിപ്പോയിൽ നിന്നും ഒരു സൂപ്രണ്ടിനേയും, 4 അസിസ്റ്റന്റ്മാരെയും, ഒരു പ്യൂണിനേയും ജില്ലാ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.<br><br>കൂടാതെ മാനന്തവാടി യൂണിറ്റിൽ നിന്നും ഒരു അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറെയും, 4 അസിസ്റ്റന്റ്മാരെയും 2 പ്യൂൺ വിഭാഗം ജീവനക്കാരെയും ജില്ലാ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. |
| (സി) | കോഴിക്കോട് നിന്ന് രാത്രികാലങ്ങളിൽ വയനാട്ടിലേക്ക് ആവശ്യത്തിന് കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ഇല്ല | (സി) | കോഴിക്കോട് നിന്നും വയനാട് ജില്ലയിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് ആവശ്യമായ സർവ്വീസുകൾ |

| | | | |
|---|---|---|---|
| | എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | ക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ രാത്രികാല സർവ്വീസുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ